**പട്ടികവർഗ മേഖലയിലെ കുടുംബങ്ങൾക്കായി കുടുംബശ്രീയൊരുക്കുന്നു, കളിചിരികൾ നിറയുന്ന ജീവനുള്ള വീട്**

ആലപ്പുഴ: അച്ഛൻമാർക്ക് തങ്ങളുടെ കുട്ടികൾക്ക് നൽകാൻ കഴിയുന്ന ഏറ്റവും മികച്ച സമ്മാനം എന്തായിരിക്കും? നിങ്ങളുടെ വീട്ടിൽ മദ്യപിച്ചിരുന്ന ആൾ ഇപ്പോൾ അത് നിർത്തിയതിനു ശേഷം കുടുംബത്തിലുണ്ടായ മാറ്റം എന്ത്? ലോക്ക് ഡൗൺ കാലം വാട്ട്സാപ് ഗ്രൂപ്പു വഴി ടിക്ക്ടോക്കും സ്കിറ്റും ക്വിസ്മത്സരവും പാട്ടുമത്സരവും കളിയും ചിരിയും മറ്റ് കലാപരിപാടികളുമൊക്കെയായി ജീവനുള്ള വീടൊരുക്കുകയാണ് ആലപ്പുഴ ജില്ലയിലെ പട്ടികവർഗ മേഖലയിലെ കുടുംബങ്ങൾ. ഇതിനു സജീവ നേതൃത്വം നൽകി കുടുംബശ്രീ ജില്ലാമിഷനും. കൊറോണക്കാലത്ത് ഇവർ ഒറ്റയ്ക്കല്ലെന്നു ബോധ്യപ്പെടുത്തി കൂടെ ചേർത്തു നിർത്തിക്കൊണ്ട് എല്ലാവിധ കരുതലും സ്നേഹവും നൽകുകയാണ് കുടുംബശ്രീ.

ജില്ലയിലെ പട്ടികവർഗ മേഖലയിൽ നടപ്പാക്കുന്ന പി.കെ.കാളൻ പദ്ധതിയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്കു വേണ്ടിയാണ് ജില്ലാമിഷന്റെ നേതൃത്വത്തിൽ ഇത്തരത്തിൽ വ്യത്യസ്തമായ ഒരു പ്രവർത്തന പരിപാടി ആവിഷ്ക്കരിച്ചത്. ജില്ലയിൽ ട്രൈബൽ പദ്ധതിയുടെ ചുമതല വഹിക്കുന്ന വിഭാഗത്തിനാണ് ഇതിന്റെ മേൽനോട്ട ചുമതല. പട്ടികവർഗ കുടുംബങ്ങളിലുള്ളവർക്ക് കൊറോണക്കാലത്ത് വീടിനുള്ളിൽ അടച്ചിരിക്കുമ്പോഴുണ്ടാകുന്ന വിരസത ഒഴിവാക്കുന്നതിനും അതോടൊപ്പം കലാപരമായ കഴിവുകളെ വികസിപ്പിക്കുന്നതിനും വേണ്ടിയാണ് പരിപാടി തുടങ്ങിയത്. ഈ ലോക്ക് ഡൗൺ കാലം സർഗാത്മകമായി വിനിയോഗിച്ചു കൊണ്ട് പട്ടികവർഗ കുടുംബങ്ങളിൽ മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള സ്നേഹത്തിന്റെ ഇഴയടുപ്പം വർധിപ്പിക്കുന്നതിനും അതോടൊപ്പം തന്നെ പരസ്പരം കാണാതെ ജില്ലയിലെ പല പഞ്ചായത്തുകളിലായി ചിതറിക്കിടക്കുന്ന ആദിവാസി വിഭാഗക്കാർക്കിടയിൽ ഒരു

കൂട്ടായ്മയും സൗഹൃദവും വളർത്തുന്നതിനുമാണ് കുടുംബശ്രീ ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഓരോ ദിവസവും വ്യത്യസ്തമായ ഓരോ മത്സര പരിപാടികളാണ് വാട്ട്സാപ് ഗ്രൂപ്പു വഴി നടത്തുന്നത്. ഏപ്രിൽ മൂന്നു മുതലാണ് ഇതിന്റെ തുടക്കം. കുടുംബശ്രീ എല്ലാ ദിവസവും ഇതു സംബന്ധിച്ച നിർദേശങ്ങൾ നൽകും. അച്ഛൻമാർക്ക് തങ്ങളുടെ കുട്ടികൾക്ക് നൽകാൻ കഴിയുന്ന ഏറ്റവും മികച്ച സമ്മാനം എന്തായിരിക്കും എന്നതായിരുന്നു ഒരു ദിവസം നൽകിയ ചോദ്യം. പുരുഷൻമാർക്കു വേണ്ടിയായിരുന്നു വാട്ട്സാപ് ഗ്രൂപ്പിൽ ഈ ചോദ്യമിട്ടത്. ചിലർ വിദ്യാഭ്യാസം, സ്നേഹം, കുട്ടികളെ കൂട്ടുകാരെ പോലെ കാണുന്നത് അങ്ങനെ പല ഉത്തരങ്ങളും എഴുതി. ശരിയുത്തരം എന്താണെന്ന് പലരും വൈകുന്നേരം വരെ ചോദിച്ചു കൊണ്ടിരുന്നു. ഒടുവിൽ യഥാർത്ഥ ഉത്തരം കുടുംബശ്രീ അറിയിച്ചു. ചിരിച്ചുല്ലസിക്കുന്ന, സന്തോഷവതിയായ അമ്മ. പലർക്കും ഉത്തരം ഒരുപാടിഷ്ടപ്പെട്ടു. ഒരു കുടുംബത്തിൽ അച്ഛൻ അമ്മയെ സ്നേഹിക്കുകയും അത് കണ്ട് മക്കൾ വളരുകയും ചെയ്യുമ്പോൾ അമ്മയെയും മറ്റുള്ളവരെയും സ്നേഹിക്കണമെന്നും ബഹുമാനിക്കണമെന്നും കുട്ടികൾക്കു ബോധ്യപ്പെടുകയും അവരും പരസ്പര സ്നേഹത്തോടെ വളരാനും ആത്മവിശ്വാസമുള്ളവരാകാനും സ്വയം ശീലിക്കും. ഇത് മനസിലാക്കി കൊടുക്കുന്നതിനു വേണ്ടിയാണ് കുടുംബശ്രീ ഇത്തരം ഒരു ചോദ്യമുന്നയിച്ചത്.

ആദിവാസി വിഭാഗത്തിന്റെ തനതു പാട്ടുകളും നൃത്തങ്ങളും മറ്റ് കരകൗശല വൈദ ഗ്ധ്യവുമൊക്കെ ഈ ഗ്രൂപ്പിലൂടെ പങ്കു വയ്ക്കുന്നു. പ്രായമായവരും മുതിർന്നവരും കുട്ടികളുമെല്ലാം തികഞ്ഞ ആവേശത്തോടെയും ആത്മവിശ്വാസത്തോടെയുമാണ് ഈ മത്സരങ്ങളിലും ചർച്ചകളിലും പങ്കെടുക്കുന്നത്. ചേർത്തല സൗത്ത് പഞ്ചായത്തിൽ കഴിയുന്ന 83 കാരിയായ പത്മാക്ഷി പോലും പാട്ടുപാടി ഉറക്കാം ഞാൻ

താമരപ്പൂംപൈതലേ...എന്ന പാട്ടു പാടിക്കൊണ്ടാണ് ഈ കലാപരിപാടിയിൽ തന്റെ സാന്നിധ്യം അറിയിച്ചത്. ടിക് ടോക്ക് വീഡിയോ ചെയ്യുന്ന നിരവധി പേരുണ്ട്. പക്ഷേ ഇക്കാര്യത്തിൽ മുതർന്നവരെ കടത്തി വെട്ടുന്ന പ്രകടനം കാഴ്ച വയ്ക്കുന്നത് കുട്ടികളാണ്. ആദിവാസി വിഭാഗത്തിന്റെ അനുഷ്ഠാനത്തിന്റെ ഭാഗമായി ചെയ്യുന്ന നൃത്തം, നാടൻ പാട്ടുകൾ, സ്കിറ്റ് അവതരണം, മിമിക്രി, കൈകൊട്ടിപ്പാട്ട്, കഥ പറച്ചിൽ, കവിതാ രചന, കുട്ടികൾക്ക് ചിത്ര രചന, ക്രാഫ്റ്റ് വർക്ക്, അങ്ങനെ നിരവധി മത്സരങ്ങളാണ് വാട്ട്സാപ് ഗ്രൂപ്പിലുള്ളത്. ഒറ്റയ്ക്കും കുടുംബത്തോടെയും ഇവർ മത്സരങ്ങളിൽ പങ്കെടുക്കുന്നു. കുടുംബത്തിലെ ഗൃഹനാഥൻമാർ ആദ്യമെല്ലാം മടിപിടിച്ച് മാറി നിന്നെങ്കിലും പിന്നീട് ഭാര്യയും മക്കളും ഇതിൽ സജീവമാകുന്നതു കണ്ട് മത്സരങ്ങളിൽ പങ്കെടുക്കാൻ സ്വയം മുന്നോട്ടു വരികയായിരുന്നു.

കലാമത്സരങ്ങൾ മാത്രമല്ല, കൊറോണ വൈറസ് വ്യാപനം തടയുന്നതിന് സാമൂഹിക അകലം പാലിക്കുന്നതിന്റെയും വ്യക്തിശുചിത്വവും പരിസര ശുചിത്വവും സൂക്ഷിക്കുന്നതുൾപ്പെടെ നിർബന്ധമായും ചെയ്തിരിക്കേണ്ട കാര്യങ്ങളെ കുറിച്ച് ബോധവത്കരണവും കുടുംബശ്രീ ഇതിലൂടെ നടത്തുന്നു. കൂടാതെ സാമൂഹിക അകലം പാലിക്കാനായി വീടുകളിൽ കഴിയുന്നതു വഴി സമൂഹത്തിനു വേണ്ടി മൂല്യവത്തായ കർമമാണ് ചെയ്യുന്നതെന്ന് അവരെ സദാ ബോധ്യപ്പെടുത്തുകയും ഒപ്പം ആരോഗ്യപരമായ നിയന്ത്രണങ്ങൾ പാലിക്കാനുള്ള പ്രചോദനം നൽകുകയും ചെയ്യുന്നു. കൂടാതെ വീടുകളിൽ കഴിയുന്നവർക്കാവശ്യമായ ഭക്ഷണ സാധനങ്ങൾ, മരുന്ന് എന്നിവ ലഭ്യമാക്കുന്നതിനുള്ള ഉപാധി കൂടിയായി കുടുംബശ്രീ ഈ വാട്ട്സാപ് കൂട്ടായ്മയെ മാറ്റിയിട്ടുണ്ട്. ഭക്ഷണത്തിനു പ്രയാസമുള്ളവരെ അതത് പഞ്ചായത്തിൽ നടത്തി വരുന്ന കമ്മ്യൂണിറ്റി കിച്ചണുകളുമായി ബന്ധിപ്പിച്ചും റേഷൻ സാധനങ്ങൾ വാങ്ങാൻ കഴിയാതിരുന്നവർക്ക് അത് ലഭ്യമാക്കിയും പട്ടികവർഗ കുടുംബങ്ങൾക്ക് മതിയായ സേവനങ്ങൾ എത്തിക്കുന്നതിനും കുടുംബശ്രീ മുന്നിലാണ്.

കലാമത്സരങ്ങളിൽ വിജയികളാകുന്നവർക്ക് ലോക്ക് ഡൗൺ പിൻവലിച്ചു കഴിയുമ്പോൾ സമ്മാനങ്ങൾ നൽകുന്ന കാര്യവും ജില്ലാമിഷന്റെ സജീവ പരിഗണനയിലാണ്.

വാട്ട്സാപ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതും അതിലൂടെ മത്സരങ്ങൾ നടത്തുന്നതും ഇക്കാലത്ത് പുതുമയല്ലെങ്കിലും 73 പഞ്ചായത്തുകളിലായി ചിതറിക്കിടക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട എൺപതിലേറെ കുടുംബങ്ങളെ ഉൾപ്പെടുത്തി ഒരു വാട്ട്സാപ് ഗ്രൂപ്പ് തുടങ്ങാൻ കഴിഞ്ഞതും കുടുംബാംഗങ്ങളെ ഒന്നടങ്കം ഇതിലെ ആക്ടിവിറ്റികളിൽ ഉൾപ്പെടുത്താൻ സാധിച്ചതും വലിയൊരു നേട്ടമാണ്. പ്രത്യേകിച്ചും പൊതു സമൂഹവുമായി ഇടപഴകുന്നതിൽ ഇന്നും വിമുഖത കാട്ടുന്ന ഇവർക്കിടയിൽ നിന്നും ഇത്രയേറെ ആവേശത്തോടെ ആളുകൾ പങ്കെടുക്കുന്നതിലൂടെ അവരുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുന്ന ഒരു പ്രവർത്തനമായി ഇതുമാറ്റുന്നതിന് കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. ട്രൈബൽ പദ്ധതിയുടെ ചുമതലയുള്ള പ്രോഗ്രാം മാനേജരാണ് ഈ ഗ്രൂപ്പിന്റെ അഡ്മിൻ. പട്ടികവർഗ മേഖലയിൽ ജില്ലയിലാകെ 468 കുടുംബങ്ങളും അതിൽ 2600 ഓളം അംഗങ്ങളുമുണ്ട്. ഇപ്പോൾ എൺപതോളം കുടുംബങ്ങൾ ഇതിൽ അം ഗങ്ങളാണ്. വരും ദിവസങ്ങളിൽ കൂടുതൽ പേർ ഇതിൽ അംഗമാകും. അങ്ങനെ ജില്ലയിലെ പട്ടികവർഗ വിഭാഗത്തിലെ സ്മാർട്ട് ഫോണുള്ള മുഴുവൻ കുടുംബങ്ങളെയും ഈ ലോക്ക് ഡൗൺ കാലത്ത് ക്രിയാത്മകമായ പരിപാടികളുമായി മുന്നേറാൻ സഹായിക്കുകയാണ് കുടുംബശ്രീ ആലപ്പുഴ ജില്ലാമിഷൻ.